Publish in website
04/9/18

All Sections

73/Adv/18

LOCAL SELF GOVERNMENT (DS-II) DEPARTMENT
0 AUG 2018
THIRUVANANTHAPURAM

**കേരള സർക്കാർ**

നം. എ.സി3/ 163/ 2017-തസ്വഭവ.

തദ്ദേശ സ്വയംഭരണ (എസി) വകുപ്പ്
തിരുവനന്തപുരം, തീയതി:01/08/ 2018

**സർക്കുലർ**

വിഷയം: തസ്വഭവ -അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർവഹിക്കപ്പെടുന്ന നിർമ്മാണ പ്രവർത്തികളുടെ മൂല്യ നിർണ്ണയം തസ്വഭവ എഞ്ചിനീയറിംഗ് വിഭാഗം നടത്തുന്നത് സംബന്ധിച്ച്

പരാമർശം: വികേന്ദ്രീകതാസൂത്രണത്തിനായുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 06/ 06/ 2018 ലെ തീരുമാനം നം.4.26

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അക്രഡിറ്റഡ് ഏജൻസികൾക്ക് ഏൽപ്പിച്ചു കൊടുക്കുന്ന നിർമ്മാണ പ്രവർത്തികളുടെ മൂല്യ നിർണ്ണയം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം വിമുഖത കാണിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട് . ഈ വിഷയം കോ-ഓർഡിനേഷൻ കമ്മറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും പരാമർശ തീരുമാനപ്രകാരം കോ-ഓർഡിനേഷൻ കമ്മറ്റി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അക്രഡിറ്റഡ് ഏജൻസികൾ വഴി നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തികളുടെ സൂപ്പർവിഷൻ മെഷർമെന്റ് ,ചെക്ക് മെഷർമെന്റ് എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന പക്ഷം എഞ്ചിനീയറിംഗ് വിഭാഗം ചെയ്തുനൽകേണ്ടതാണ് എന്ന് നിർദ്ദേശിക്കുകയും ചെയ്തു . ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അക്രഡിറ്റഡ് ഏജൻസികൾ വഴി നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തികളുടെ സൂപ്പർവിഷൻ, മെഷർമെന്റ് ,ചെക്ക് മെഷർമെന്റ് എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന പക്ഷം തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം ചെയ്തുനൽകേണ്ടതാണ് .

മിനിമോൾ അബ്രാഹം
അഡീഷണൽ സെക്രട്ടറി

To

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് .
പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ റീജണൽ പെർഫോമൻസ് ഓഡിറ്റ് ഓഫീസർമാർക്കും
എല്ലാ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർക്കും
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ